# പെൺകുട്ടികൾ അവഗണിക്കപ്പെടുന്നു

**ബിരുദവും ബിരുദാനന്തര ബിരുദവുമൊക്കെയായി 20, 25 വയസ്സ് വരെ മുസ്‌ലിം പെൺകുട്ടികൾ ഇന്ന് പൊതുവിദ്യാഭ്യാസ മേഖലയിൽ സജീവമാണ്. എന്നാൽ അവരുടെ മതവിദ്യാഭ്യാസം പൊതുവെ 5-ാം വയസ്സിൽ തുടങ്ങി 5-ാം ക്ലാസിൽ അവസാനിക്കുകയാണ്**

**ഫൗസിയ ഷംസ്**

**ഇന്നത്തെ** മനഃപാഠമാക്കൽ സമ്പ്രദായം മൗലികമായി പരിഷ്കരിക്കേണ്ടത് ആവശ്യം തന്നെയാണ്. സിലബസ്, പാഠ്യ രീതി, ബോധനരീതി എന്നീ തലങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്യണം. ലേഖകൻ ചൂണ്ടിക്കാണിച്ചതു പോലെ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. അത് കൂടുതൽ അർഥവത്തായ നിലയിൽ മാറ്റിയെഴുതേണ്ടത് മതവിദ്യാഭ്യാസ രംഗത്താണ്. കാരണം മതവിദ്യനേടുക എന്നത് കേവലം ജീവിതോപാധിയല്ല.

മദ്റസകൾക്കും അറബിക് കോളേജുകൾക്കും അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും മറ്റു അനിസ്‌ലാമിക പ്രവണതകളേയും ചെറുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമൂഹിക മേഖലയിലെ മാറ്റങ്ങളെ ഉൾക്കൊണ്ട് കാലികമായി മദ്റസാധ്യാപനരീതി പരിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല.

മതവിദ്യാഭ്യാസത്തിന്റെ വലിയൊരു പോരായ്മയാണ് പെൺകുട്ടികൾക്ക് വേണ്ടരീതിയിൽ മതവിജ്ഞാനം നൽകാൻ കഴിയുന്നില്ല എന്നത്. സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പംതന്നെ മതപഠനവും നൽകണം. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ഭൗതിക വിദ്യാഭ്യാസം നേടുന്ന സ്ത്രീകളുടെ എണ്ണം വർധിച്ച് വരുന്നുണ്ട്. ബിരുദവും ബിരുദാനന്തര ബിരുദവുമൊക്കെയായി 20, 25 വയസ്സുവരെ മുസ്‌ലിം പെൺകുട്ടികൾ ഇന്ന് പൊതുവിദ്യാഭ്യാസ മേഖലയിൽ സജീവമാണ്. എന്നാൽ അവരുടെ മതവിദ്യാഭ്യാസം പൊതുവെ 5-ാം വയസ്സിൽ തുടങ്ങി 5-ാം ക്ലാസിൽ അവസാനിക്കുകയാണ്. കൂടിയാൽ ഏഴാം ക്ലാസു വരെ മാത്രം. പിന്നെ ആശ്രയം വിവിധ സംഘടനകൾ നടത്തുന്ന വനിതാക്ലാസുകളാണ്. അതിൽ മിക്കതും ഖുർആൻ, ഹദീസ്, കർമശാസ്ത്ര പഠനങ്ങളുടെ വേദിയേ അല്ല. തികച്ചും സംഘടനാ തലത്തിൽ നടത്തപ്പെടുന്ന പ്രതിവാര ക്ലാസുകൾ.

കുട്ടികളുടെ വ്യക്തിത്വ വികാസവും സ്വഭാവവും സംസ്കാരവും വളർന്നുവരേണ്ട മടിത്തട്ടുകൾ മതാധ്യാപനങ്ങളുടെ ഊഷരഭൂമിയാണ് എന്നാണ് പറഞ്ഞുവരുന്നത്. പത്താം വയസ്സിൽ അവസാനിച്ച മതവിദ്യാഭ്യാസംകൊണ്ട് ഒരു മാതാവിന് കുട്ടികൾക്ക് എങ്ങനെ വഴികാട്ടിയാവാനാകും?

മദ്റസാ നവീകരണത്തിൽ പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടതാണ് ഏഴാം ക്ലാസിനപ്പുറമുള്ള പഠനം. മുസ്‌ലിം മാനേജ്മെന്റിനു കീഴിലുള്ള സ്കൂൾ-കോളേജുകളിൽ ഭൗതിക വിദ്യാഭ്യാസം നൽകപ്പെടുന്നകാലംവരെയും ഒരു മണിക്കൂറെങ്കിലും മതപഠനത്തിന് സംവിധാനമുണ്ടാകണം. ഭൗതിക വിദ്യാഭ്യാസം നേടി ജോലി തേടിപ്പോകുന്നവർ വഴിതെറ്റിപ്പോവാതിരിക്കാൻ അതായിരിക്കും ഏറ്റവും നല്ല കൗൺസലിങ് സംവിധാനം. ഇന്ന് ജീവിതത്തിന്റെ കണക്കുകൂട്ടലുകൾ തെറ്റുന്നത് ധാർമിക പാഠങ്ങളുടെ അഭാവം കൊണ്ടാണ്. അതുകൊണ്ട് ഗണിത സമവാക്യങ്ങളും ശാസ്ത്ര രഹസ്യങ്ങളും സാങ്കേതിക തത്ത്വങ്ങളും പഠിപ്പിക്കുന്ന മുസ്‌ലിം മാനേജ്മെന്റിന് കീഴിലെ സ്ഥാപനങ്ങൾ ഖുർആൻ ഹദീസ് പഠനങ്ങൾക്ക് സമയം കണ്ടെത്തണം. അത് മദ്റസാ പഠനം ഇടക്കുനിർത്തുന്നവർക്ക് ആശ്വാസമാവും.

ഇന്ന് ഏറ്റവും കുറഞ്ഞ സമയം ജോലിചെയ്യുന്ന ഒരു വിഭാഗം മദ്റസാ അധ്യാപകരായിരിക്കും. ദിവസവും ഒന്നോ രണ്ടോ മണിക്കൂർ. ബാക്കിസമയം ഇവരുടെ കർമശേഷി സംഘടനാ വിഭാഗീയതകൾക്കായി ദുരുപയോഗപ്പെടുത്തുകയാണ്. ഇതിൽനിന്നുമാറി മദ്റസാ അധ്യാപകർ അധ്യാപനത്തിന്റെ പുതിയ രീതികൾ സ്വായത്തമാക്കാൻ സമയം കണ്ടെത്തണം. എങ്കിലേ നല്ലൊരു തലമുറയെ വളർത്തിയെടുക്കാൻ അവർക്ക് കഴിയൂ.

അഭിപ്രായങ്ങൾ പറയാനുള്ള വേദി കിട്ടുന്നത് എന്തുകൊണ്ടും നല്ലതാണ്. പണ്ട് മക്കളെ തല്ലിയ അധ്യാപകനെ കാണാനെങ്കിലും കുട്ടിയുടെ കൈയും പിടിച്ച് രക്ഷിതാവ് പോകാറുണ്ടായിരുന്നു. ഇന്ന് ഓട്ടോ ഡ്രൈവർമാർക്കാണ് മിക്കയിടത്തും ആ ജോലി. ഇതെല്ലാം മാറേണ്ടതുണ്ട്. എങ്കിലേ ഉത്തമ സമൂഹ സൃഷ്ടി സാധ്യമാവൂ. ■